LIBRARY ARCHIVES Kerala Legislative Assembly

എന്നിവ നൽകിയും വന സംരക്ഷണ ജീവനക്കാരുടെ മനോവീര്യം വർദ്ധിപ്പിക്കുന്നുണ്ട്.

(ബി) 1. വനം വകുപ്പിന്റെ നവീകരണത്തിനായി ശുപാർശകൾ നൽകാൻ രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനത്തിനായി 2.85 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അതിൽ 98,340 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരണത്തിനായി 2010-11-ൽ 40 ലക്ഷം രൂപയും, 2011-12-ൽ 460 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

3. മൊബൈൽ ഫോൺ കണക്ഷൻ നൽകുന്നതിന് 75 ലക്ഷം രൂപ ആവർത്തന ചെലവ് പ്രതീക്ഷിക്കുന്നു.

4. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 3 കോടിയോളം രൂപ ചെലവാക്കുന്നതാണ്.

5. ആധുനിക ആയുധങ്ങൾ വാങ്ങുന്നതിനായി 15 ലക്ഷം രൂപയോളം വകയിരുത്തിയിട്ടുണ്ട്.

6. മറയൂർ ഡിവിഷനിൽ ചന്ദന സംരക്ഷണത്തിനായി ബൈക്കുകൾ വാങ്ങാൻ 2.50 ലക്ഷം രൂപയോളം ചെലവിടുന്നുണ്ട്.

വനസംരക്ഷണ സേനയിലെ സൂപ്പർന്യൂമററി നിയമനങ്ങൾ

193 (2223) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ തീയതി ഏകീകരിച്ചപ്പോൾ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുമെന്ന് സർക്കാർ ഉത്തരവുപ്രകാരം വനസംരക്ഷണ സേനയിലെ വിവിധ തസ്തികകളിലായി എത്ര സൂപ്പർ ന്യൂമററി നിയമനങ്ങൾ നടത്തി ;

(ബി) ഇതിന്റെ തസ്തിക തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) വനസംരക്ഷണ സേനയിൽ ഇരുപത് (20) സൂപ്പർ ന്യൂമററി നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ഫോറസ്റ്റ് ഗാർഡ് തസ്തികയിലാണ് സൂപ്പർ ന്യൂമററി നിയമനങ്ങൾ 20 എണ്ണവും നടത്തിയിട്ടുള്ളത്.

റിസർവ്വുചെയ്തു നിർത്തിയിട്ടുള്ള വൃക്ഷങ്ങളുടെ സംരക്ഷണം

194 (2224) ശ്രീ. പി. സി. ജോർജ് :
ശ്രീ .റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) The Kerala Forest (Prohibition of felling of trees standing on land temporarily or permanently assigned) rules, 1995 എന്ന നിയമം,